**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - സീനിയർ ഗ്രേഡ് അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തിക 'അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ' എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഇഎ) വകുപ്പ്**

**സ.ഉ (എം.എസ്) നം.150/13/കൃഷി** **തീയതി, തിരുവനന്തപുരം,04.05.2013**

പരാമർശം:- 1. സ.ഉ (എം.എസ്) നം.77/01/കൃഷി തീയതി.16.3.2001.

2. സ.ഉ (എം.എസ്) നം.261/01/കൃഷി തീയതി.5.12..2001.

**ഉത്തരവ്**

പരാമർശം 1-ലെ ഉത്തരവ് പ്രകാരം കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റുമാരുടെ 5:3:2 അനുപാതത്തിൽ വരുന്ന 5,000-8,150/- രൂപ ശമ്പള സ്കെയിലിലുള്ള 615 സീനിയർ ഗ്രേഡ്, കൃഷി അസിസ്റ്റന്റ് തസ്തിക 'അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ' എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ നാമകരണം കൊണ്ട് അവരുടെ ശമ്പളസ്കെയിലിലോ ജോലിയിലോ യാതൊരു മാറ്റവുമുണ്ടാവുകയില്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശയിന്മേൽ മന്ത്രിസഭ അംഗീകരിച്ച ഡസിഗ്നേഷനും ശമ്പള സ്കെയിലുമാണ് ഓരോ വിഭാഗത്തിനും നൽകിവരുന്നതെന്ന കാരണത്താൽ പരാമർശം 1-ലെ ഉത്തരവ് പരാമർശം 2-ലെ ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി.

16.3.2001-ലെ ഉത്തരവ് റദ്ദ് ചെയ്തത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൃഷി അസിസ്റ്റന്റുമാരുടെ സംഘടനകൾ നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഈ വിഷയത്തിൽ കൃഷി ഡയറക്ടറുടെ റിപ്പോർട്ട് ആരായുകയുണ്ടായി. കൃഷി ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത രീതിയിൽ പുനർ നാമകരണം ചെയ്ത് ഉത്തരവാകണമെന്നുള്ള അഭിപ്രായം നൽകുകയുണ്ടായി. കൂടാതെ കൃഷി അസിസ്റ്റന്റുമാർക്ക് പ്രൊമോഷൻ സാദ്ധ്യത കുറവാണെന്നും ഭൂരിഭാഗംപേരും അതേ തസ്തികയിൽത്തന്നെ വിരമിക്കുകയും ചെയ്യുന്നതായി കൂടി കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റ് തസ്തിക 'അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ' എന്ന് പുനർനാമകരണം ചെയ്യുന്ന കാര്യത്തിൽ നടപടി കൈക്കൊള്ളണമെന്ന് കൃഷി ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി അസിസ്റ്റന്റുമാരുടെ റേഷ്യോ പ്രൊമോഷന്റെ നിലവിലുള്ള ഘടനയിൽ ഭേദഗതി അനുവദിക്കുകയില്ലെന്നും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ചുമതലയിലും ശമ്പള സ്കെയിലിലും യാതൊരു മാറ്റവും അനുവദിക്കുകയില്ല എന്ന നിബന്ധനയോടെ കൃഷി വകുപ്പിലെ സീനിയർ ഗ്രേഡ് അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തിക 'അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ' എന്ന് പുനർനാമകരണം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.ആർ.ജ്യോതിലാൽ,**
**സെക്രട്ടറി.**

കൃഷി ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( നം.36773/എ.ഡബ്ല്യൂ.സി2/12/ധന. തീയതി.29.11.2012)
ഐ & പി.ആർ വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.